പ്രവാസിക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

57(1309) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസിക്ഷേമ പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രവാസിക്ഷേമ പദ്ധതികളിൽ അംഗങ്ങളാകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) പ്രവാസികാര്യക്ഷേമനിധി പ്രകാരം 31-12-2010 വരെ കണ്ണൂർ ജില്ലയിലെ പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിച്ചെന്ന് നിയോജക മണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പ്രവാസികൾക്ക് ലഭ്യമാക്കുന്ന വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലൂടെ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രവാസി കേരളീയ ക്ഷേമനിധി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ ആനുകൂല്യ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 60 വയസ്സ് പൂർത്തിയാക്കിയവരും അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ.

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശാദായം അടച്ചിട്ടുള്ള അംഗത്തിന് മരണം സംഭവിച്ചാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.

3. അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ സാമ്പത്തിക സഹായം.

4. അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയിൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5. അംഗത്തിന് പ്രത്യേക ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അതിനുള്ള സഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പ.

LIBRARY ARCHIVES Kerala Legislative Assembly

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വയ്പ.

(ബി) പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള പ്രായപരിധി 18-35 വയസ്സാണ്. പ്രവാസി കേരളീയൻ (വിദേശം), മുൻപ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ മൂന്നു വിഭാഗങ്ങളിലായാണ് അംഗത്വം നൽകുന്നത്. കുറഞ്ഞത് 6 മാസക്കാലമായി വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കും 2 വർഷക്കാലം വിദേശത്ത് ജോലി ചെയ്തതിനു ശേഷം തിരികെ കേരളത്തിൽ സ്ഥിരതാമസമാക്കിയ മുൻപ്രവാസികൾക്കും 6 മാസക്കാലമായി കേരളത്തിന് വെളിയിൽ ഇന്ത്യയ്ക്കകത്ത് താമസിക്കുന്ന പ്രവാസി കേരളീയനും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. സർക്കാരിൽ നിന്നോ ഇതര സർക്കാർ ഏജൻസികളിൽ നിന്നോ ശമ്പളമോ പെൻഷനോ മറ്റെന്തെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളോ കൈപ്പറ്റുന്ന വ്യക്തികൾ പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹരല്ല.

(സി) ചികിത്സാ സഹായം, മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായം എന്നിവയാണ് ഇപ്പോൾ പ്രയോഗക്ഷമമായിട്ടുള്ള ക്ഷേമപദ്ധതികൾ. ഇവയുടെ പ്രയോജനം ലഭിക്കുന്നതിന് കണ്ണൂർ ജില്ലയിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രവാസി ക്ഷേമനിധി അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾക്ക് നിബന്ധനയ്ക്കനുസൃതമായി സ്വയംതൊഴിൽ വായ്പയും ഭവനവായ്പയും നൽകുവാൻ ക്ഷേമനിധി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഇ) ക്ഷേമപദ്ധതി വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി പുതിയ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ ഉദ്ദേശം ഇല്ല.

പ്രവാസികളുടെ വോട്ടവകാശം

58(1310) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിൽ വോട്ടുചെയ്യാനും വോട്ടർ പട്ടികയിൽ പേര് ചേർക്കാനും സാധ്യമാകുന്ന തരത്തിൽ ചട്ടങ്ങൾക്ക് രൂപം നൽകി കേന്ദ്ര നിയമ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിക്കുക ഉണ്ടായോ; എങ്കിൽ എന്നാണ് പുറപ്പെടുവിച്ചത് :

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

LIBRARY ARCHIVES Kerala Legislative Assembly